RE(2)85/2015 തിയതി. 5/7/2017

# ലേല പരസ്യം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആർ.ടി.ടി. സെന്റർ വെള്ളായണിയിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന് തടസമായി നിൽക്കുന്ന രണ്ട് യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചു മാററുന്നതിനു വേണ്ടി 30/08/2017-ാം തിയതി രാവിലെ 12 മണിക്ക് ആർ.റ്റി.റ്റി. സെന്ററിൽ വച്ച് താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്യുന്നതാണ്. അന്നേ ദിവസം രാവിലെ 11.00 മണി വരെ ലേല നമ്പർ രേഖപ്പെടുത്തിയ മുദ്രവച്ച കവറുകളിൽ മുദ്രവച്ച ക്വട്ടേഷനുകൾ ടെക്നിക്കൽ അസിസ്റ്റന്റിന്റെ കാര്യാലയം ആർ.റ്റി.റ്റി. സെന്റർ, വെള്ളായണി കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്, ഇതോടൊപ്പം താഴെപ്പറയുന്ന നിരതദ്രവ്യം ആർ.റ്റി.റ്റി. സെന്റർ, വെള്ളായണിയിലെ ടെക്നിക്കൽ അസിസ്റ്റന്റിന് മാററി എടുക്കത്തക്ക രീതിയിൽ ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ടി സ്ഥലത്തും സമയത്തും മുൻകൂട്ടി ഹാജരായി Rs. 2500/- നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്. കൂടുതൽ തുക ലേലം വിളിക്കുന്ന ആളിന്റെ പേർക്കോ അല്ലെങ്കിൽ കൂടുതൽ തുക രേഖപ്പെടുത്തി ക്വട്ടേഷൻ സമർപ്പിച്ച ആളിന്റെ പേർക്കോ ലേലം സ്ഥിരപ്പെടുത്തുന്നതും ടിയാൾ മുഴുവൻ തുകയും നികുതികളും ഉടൻ തന്നെ കെട്ടിവച്ച് കെട്ടി വച്ച് ആഫീസിൽ നിന്നും ലഭിക്കുന്ന അറിയിപ്പ് അനുസരിച്ച് നിശ്ചിത ദിവസത്തിനകം സ്വന്തം ചെലവിൽ മരങ്ങൾ, നിലവിലുള്ള കെട്ടിടങ്ങൾക്കോ സ്ഥാവര ജംഗമ വസ്തുക്കൾക്കോ നാശം കൂടാതെ മുറിച്ചു നീക്കേണ്ടതാണ്. ലേലം തൃപ്തികരമല്ലെങ്കിൽ ലേലം നിരാകരിക്കുന്നതിനുള്ള അധികാരം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ ലേല ദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ പങ്കെടുക്കുന്നതിനു മുൻപ് തന്നെ ലേലത്തിന് നിശ്ചയിച്ചിട്ടുള്ള മരങ്ങളുടെ ഗുണനിലവാരവും അളവുകളും മററു വിശദവിവരങ്ങളും നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതാണ്. ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും തർക്കങ്ങളും പരിഗണിക്കുന്നതല്ല. ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾ ലേലത്തിനുമുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ കാര്യാലയം ആർ.റ്റി.റ്റി. സെന്റർ, വെള്ളായണിയിൽ നിന്നും അറിയാവുന്നതാണ്.

ലേല നമ്പർ 2/ആർ.ഇ.(2) 85/2015

ലേലത്തിന്റെ വിശദ വിവരം യൂക്കാലിപ്റ്റസ് മരങ്ങൾ (2 എണ്ണം നിൽക്കുന്നത്)

നിരതദ്രവ്യം - Rs 2500/-

മരങ്ങൾ മുറിച്ചു മാറേറണ്ട കാലാവധി 7 ദിവസം

ലേലം സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും

ടെക്നിക്കൽ അസിസ്റ്റന്റിന്റെ കാര്യാലയം

ആർ.റ്റി.റ്റി. സെന്റർ, വെള്ളായണി

ടെക്നിക്കൽ അസിസ്റ്റന്റ്

TESTING & TRAINING CENTRE VELLAYANI